## ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ:ഇ3/2502/എബിറ്റിറ്റി/2019/175 തീയതി : 28.01.2019

### ക്വട്ടേഷൻ/ലേല പരസ്യം

2019-ാം ആണ്ടത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള താൽക്കാലിക സ്റ്റാളുകളിലും സ്ഥിരമായി നിർമ്മിച്ചിട്ടുള്ള 8 കടകളിലും 12.02.2019 മുതൽ 21.02.2019 രാവിലെ 9 മണി വരെ 10 ദിവസത്തേയ്ക്ക് താൽക്കാലികമായി കച്ചവടം നടത്തുന്നതിന് ഉള്ള അവകാശത്തിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. സ്റ്റാൾ/കട നടത്തുവാൻ താല്പര്യമുള്ളവർ 04.02.2019 വൈകുന്നേരം 5.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ നിന്നും 50/- രൂപാ അടച്ച് ലഭിക്കുന്ന അപേക്ഷാ ഫാറത്തിൽ ക്വട്ടേഷൻ നൽകേണ്ടതാണ്. അംബാ ആഡിറ്റോറിയത്തിൽ വച്ച് 04.02.2019 രാവിലെ 9.30 മണിക്ക് കട/സ്റ്റാൾ പരസ്യമായി ലേലം ചെയ്യുന്നതും ലേലം വിളി കഴിഞ്ഞാലുടൻ തന്നെ അതത് കടയുടെ/സ്റ്റാളിന്റെ ക്വട്ടേഷനുകൾ പൊട്ടിക്കുന്നതും, ക്വട്ടേഷൻ തുകയോ/ലേല തുകയോ എതാണ് കൂടുതൽ, അവർക്ക് സ്റ്റാൾ/ കട അനുവദിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വ്യക്തികളും ക്വട്ടേഷൻ മാത്രം നൽകിയവരും 5,000/- നിരതദ്രവ്യമായി 04.02.2019 രാവിലെ 9.30 മണിക്ക് മുമ്പായി ട്രസ്റ്റ് ആഫീസിൽ അടയ്ക്കേണ്ടതും, ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുമ്പോൾ നിരതദ്രവ്യം അടച്ച തുകയുടെ രസീതും 50/-രൂപ അടച്ച് ലഭിക്കുന്ന അപേക്ഷ ഫാറവും ഹാജരാക്കേണ്ടതാണ്. ടി സമയത്തിന് മുമ്പ് നിരതദ്രവ്യം കെട്ടി വയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിക്കുന്നവർ കവറിനു പുറത്ത് നിർബന്ധമായും സ്റ്റാൾ നമ്പർ രേഖപ്പെടുത്തിയിരിക്കണം. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ 50,000/- രൂപയോ അതിനു താഴെയോ ആണ് കട വാടക തുക ഉറപ്പിക്കുന്നതെങ്കിൽ അപ്പോൾ തന്നെ മുഴുവൻ പണവും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് ട്രസ്റ്റ് ഓഫീസിൽ അടയ്ക്കേണ്ടതും 50,000/- രൂപയ്ക്ക് മുകളിൽ ലേലം ഉറപ്പിച്ചയാൾ 50,000/-രൂപയും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് അപ്പോൾ തന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് അടുത്ത ദിവസം വൈകുന്നേരം 5.00 മണിക്കു മുമ്പായി അടയ്ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കട/സ്റ്റാൾ പുനർ ലേലം ചെയ്ത് നൽകുന്നതും, നിരതദ്രവ്യമായി അടച്ച 5,000/- രൂപയും ക്ഷേത്രം ഓഫീസിൽ അടച്ചതായ വാടക തുകയും ട്രസ്റ്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമാണ്. സ്റ്റാൾ/കട അനുവദിച്ച് കിട്ടുന്നയാൾ നിബന്ധനകൾക്ക്

അനുസൃതമായ തുക അടയ്ക്കാത്തപക്ഷം ടി സ്റ്റാൾ/കട അടുത്ത ആളിന് അനുവദിക്കുന്നതാണ്. (സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മേൽ നിബന്ധന ബാധകമല്ല). ലേല നിബന്ധനകളെ സംബന്ധിച്ച വിവരങ്ങൾ ലേലം/ക്വട്ടേഷൻ ഫാറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. Fire & Saftety സംബന്ധമായ കാര്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്. ഹൈഡ്രജൻ ബലൂൺ, സമാന ഐറ്റങ്ങൾ പ്ലാസ്റ്റിക് കവർ, നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവ വിൽക്കാൻ പാടുള്ളതല്ല. ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവർ ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡോക്ടർ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും സ്വന്തം ചെലവിൽ വാങ്ങിയിരിക്കണം. ആയതിന്റെ പകർപ്പ് അക്കോമഡേഷൻ കമ്മിറ്റി കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കൈയ്യുറ, തൊപ്പി എന്നിവ ഉപയോഗിക്കേണ്ടതാണ്. പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കരുത്. ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നഗരസഭയുടെ എയ്റോ ബിക്ക് ബിന്നുകളിൽ നിക്ഷേപിക്കേണ്ടതാണ്. ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്. യാതൊരു കാരണവും പറയാതെ ലേലം/ക്വട്ടേഷൻ ക്യാൻസൽ ചെയ്യുന്നതിന് സെക്രട്ടറിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ സംബന്ധിച്ച് ട്രസ്റ്റിന്റെ എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷനും ബാധകമായിരിക്കും. കട/സ്റ്റാൾ ലഭിക്കാത്തവർക്ക് നിരതദ്രവ്യമായി അടച്ച തുക ലേലം കഴിഞ്ഞാലുടനെ തന്നെ തിരികെ നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ പിടിക്കുന്നയാൾ പണം അടയ്ക്കുമ്പോൾ ആധാറിന്റെ കോപ്പി കൂടി നൽകേണ്ടതാണ്.

സെക്രട്ടറി

നോട്ടീസ് ബോർഡ് : ആഫീസ്
ക്ഷേത്രം

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2019
ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2019
കൺവീനർ, അക്കോമഡേഷൻ കമ്മിറ്റി, പൊങ്കാല മഹോത്സവം-2019

sr